
# മമ്മൂട്ടിക്കെതിരെ സാമൂഹ്യ ദ്രോഹികൾ



ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ച, ഇന്ത്യയിലെ വിലമതിക്കാനാവുന്ന നല്ല നടന്മാരിൽ ഒരാളായ ഭരത് മമ്മൂട്ടിക്കെതിരെ ഒരു സംഘം സാമൂഹ്യ ദ്രോഹികൾ കോലംകത്തിച്ചും, മമ്മൂട്ടിയുടെ സിനിമകൾ പ്രദർശിപ്പിക്കുന്ന തീയറ്ററുകൾക്ക് മുന്നിൽ ഭീഷണി ഉയർത്തുകയും, മമ്മൂട്ടിയുടെ ഫ്ളക്സ് ബോർഡുകൾ നശിപ്പിച്ചും മതഭ്രാന്തനെന്നു മുദ്രകുത്തിയും പ്രകടനങ്ങൾ നടത്തി, മമ്മൂട്ടി എന്തോ വലിയ കുറ്റം ചെയ്ത പ്രതീതി ഈ സാമൂഹ്യ ദ്രോഹികൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

## എന്താണ് മമ്മൂട്ടി ചെയ്ത തെറ്റ്

എന്താണ് മമ്മൂട്ടി ചെയ്ത തെറ്റ് ? ഇന്ത്യയിലെ വിപ്ലവ യുവജന പ്രസ്ഥാനമായ ഡി.വൈ.എഫ്.ഐ ചെന്നൈയിൽ നടത്തിയ അഖിലേന്ത്യാ സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചതോ ? ഉദ്ഘാടന പ്രസംഗത്തിൽ മാന്യമായ രീതിയിൽ ഒരു കലാകാരനെന്ന നിലയിൽ, ഒരു പച്ച മനുഷ്യൻ എന്ന നിലയിൽ ഏതാനും വാക്കുകളിൽ സംസാരിച്ചു. സംസാരത്തിൽ ആഗോളീകരണത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് സംസാരിച്ചു. ആഗോളീകരണത്തെ ചെറുക്കുന്നതിന് പകരം അതിൽ പങ്കുചേർന്നു അതിന്റെ തന്നെ സാദ്ധ്യതകൾ ഉപയോഗിച്ചു ആഗോലീകരണത്തെ തകർക്കുകയാണ് വേണ്ടതെന്ന് മമ്മൂട്ടി പറയുകയുണ്ടായി. ആഗോളീകരണം കാൻസർ പോലെ പടരുകയാണ്. ഇതിനൊരു പ്രതിവിധി കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്നും മമ്മൂട്ടി തുടർന്നു പറഞ്ഞു.

## വർഗ്ഗീയതയും ജാതീയതയും

വർഗ്ഗീയതയും ജാതീയതയും ഇന്ത്യ നേരിടുന്ന രണ്ടു വിപത്തുകളാണെന്നും ഇതിൽ ജാതീയതയാണ് കൂടുതൽ അപകടകരമെന്നും മമ്മൂട്ടി പറയുകയുണ്ടായി. ഡി.വൈ.എഫ്.ഐ ഗുജറാത്തിൽ ശക്തമായിരുന്നെങ്കിൽ ഗുജറാത്ത് കലാപം സംഭവിക്കില്ലായിരുന്നു. ഡി.വൈ.എഫ്.ഐ ശക്തമായിരുന്നെങ്കിൽ ജമ്മുകാശ്മീരിലും ഇന്നത്തെ അവസ്ഥയുണ്ടാവില്ലായിരുന്നു. ഇതിനെ തുടർന്നാണ് രാജ്യ ത്തെ ചില സാമൂഹ്യ ദ്രോഹികൾ മമ്മൂട്ടിക്കെതിരെ തിരിഞ്ഞത്. ഗുജറാത്ത് കലാപത്തെക്കുറിച്ച് പറഞ്ഞത് കൊണ്ട് മമ്മൂട്ടിയെ മതത്തിന്റെ ആളായി ചിത്രീകരിക്കപ്പെട്ടു. മമ്മൂട്ടി വലിയൊരു കലാകാരനാണ്. ഇടതുപക്ഷ പ്രസ്ഥാനവുമായി അടുപ്പമുള്ള കലാകാരനാണ് ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയെയോ ജാതി മതസംഘടനയെയോ ഗുജറാത്ത് മുഖ്യമന്ത്രിയെയോ കുറിച്ച് മോശമായി ഒന്നും തന്നെ പറഞ്ഞില്ല. ഗുജറാത്ത് സംഭവം കഴിഞ്ഞത് ഇന്നലെയല്ല. അതിന്റെ സംഭവവികാസങ്ങളിലേക്കും വിമർശനങ്ങളിലേയ്ക്കും ഇപ്പോൾ കടക്കുന്നില്ല. സാമൂഹ്യ ദ്രോഹികൾ പറയുന്നത് പോലെ മമ്മൂട്ടി പ്രവർത്തിക്കുകയോ പ്രസംഗിക്കുകയോ ചെയ്തിട്ടില്ല.

## മമ്മൂട്ടിക്കെതിരെ ബോധപൂർവ്വം ഉണ്ടാക്കിയ പ്രചരണം

മമ്മൂട്ടിയുടെ സി നിമകൾ ഓടുന്നതും മമ്മൂട്ടി കൈരളി ചെയർമാനായതും പല ർക്കും രസിച്ചിട്ടില്ല. എന്തെങ്കിലും ചെറിയ കാരണങ്ങൾ കണ്ടെത്തി മ മ്മൂട്ടി സിനിമകളേയും മമ്മൂട്ടിയേയും കരിവാരിത്തേക്കാൻ ഒരവസരം ബോധപൂർവ്വം ഉണ്ടാക്കി എന്നതാണ് സത്യം. മമ്മൂട്ടി, വോട്ടുപിടിക്കാൻ പോലും രാഷ്ട്രീയ പ്രസംഗങ്ങൾ നടത്തിയിട്ടില്ല.

സിനിമാരംഗത്തും സാഹിത്യ രംഗത്തും, മറ്റു കലാരംഗങ്ങളിലും പ്രവർത്തിക്കുന്നവരിൽ 80 ശതമാനം പേരും ഇടതുപക്ഷ ചിന്താധാരകളുമായി നീങ്ങുന്നവരാണ്. പ്രശസ്ത സംവിധായകരായ ലെനിൻ രാജേന്ദ്രൻ, ഷാജി എൻ. കരുൺ, കെ.ആർ. മോഹനൻ, ടി.വി. ചന്ദ്രൻ, കുഞ്ഞുമുഹമ്മദ്, ചിന്താരവി, വേണുനാഗവള്ളി എന്നിവരടക്കം നിരവധി പേർ ഇടതുപക്ഷ പ്രസ്ഥാനവുമായി അടുപ്പമുള്ളവരാണ്. ലെനിൻ രാജേന്ദ്രൻ 2 പ്രാവശ്യം സി.പി.എം. സ്ഥാനാർത്ഥിയായി ലോക സഭയിലേക്ക് മത്സരിച്ച സംവിധായകനാണ്.

നടൻ മുരളി ലോക സഭാതെരഞ്ഞെടുപ്പിൽ സി.പി.എം സ്ഥാനാർത്ഥിയായി മത്സരിച്ച നടനാണ്. അന്നൊന്നും ഉണ്ടാകാത്ത ദുഷ് ചിന്തകൾ ഇപ്പോഴെന്തിനാണ് സാമൂഹ്യ ദ്രോഹികൾ മമ്മൂട്ടിക്ക് നേരെ പ്രായോഗിക്കുന്നത്.
ബി.ജെ.പി നേതാവായ സി. കെ. പത്മനാഭൻ ഈയിടെ കെ.കെ. റോഡ് എന്ന് സിനിമയിൽ അഭിനയിച്ചു. അങ്ങിനെ പലരും അഭിനയിച്ചു. എം.കെ. മുനീർ പാട്ടെഴുതി എന്നിട്ടും അവരെല്ലാം അവരവരുടെ

പാർട്ടിക്കാര്യങ്ങളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിൽ യാതൊരു തെറ്റും ഈ സമൂഹ്യ ദ്രോഹികൾ കാണുന്നില്ല.

കലാകാരന്മാർ സത്യം തുറന്ന് പറയുന്നവരാണ്. സത്യം തുറന്ന് പറയുമ്പോൾ അവർക്ക് രാഷ്ട്രീയമുണ്ടെന്നു തോന്നിയാൽ കുറ്റപ്പെടുത്താനാകില്ല. കലാകാരന് രാഷ്ട്രീയം പാടില്ല എന്നാണെങ്കിൽ ഡോ ക്ടർമാർക്കും രാഷ്ട്രീയം പാടുണ്ടോ.

ഒരു ലോക സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ പ്രഗത്ഭനായ ഒരു ഡോക്ടർ ബി.ജെ.പി സ്ഥാനാർത്ഥിയായി മത്സരിച്ചില്ലെ. പുനത്തിൽ കുഞ്ഞബ്ദുള്ള ബി.ജെ.പി.യുടെ സ്ഥാനാർത്ഥിയായി മത്സരിച്ചില്ലെ. കേരളത്തിന്റെ പ്രശസ്തനടന്മാരിൽ ഒരാളായ ഭരത് ഗോപി ബി.ജെ.പിയുടെ സജീവ പ്രവർത്തകനും സംസ്ഥാനത്തെ ബി.ജെ.പി സാംസ്കാരിക സെല്ലിന്റെ നേതാവുമല്ലെ ? അങ്ങിനെ എത്രയോ കലാകാരന്മാർ ബി.ജെ.പിക്കുവേണ്ടി പ്രവർത്തിക്കുന്നു. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും കലാകാരന്മാർ ഉണ്ട്. അതിലൊന്നിലും പ്രശ്നമില്ല. പുരോഗമനയുവജന പ്രസ്ഥാനമായ ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ സമ്മേളനത്തിൽ മമ്മൂട്ടി പങ്കെടുത്തതും സംസാരിച്ചതും മാത്രം ഗുരുതരമായ എന്തോ വലിയ തെറ്റായി ഈ സാമൂഹ്യ ദ്രോഹികൾ കാണുന്നു.

**അതിശക്തമായ സിനിമ** പർസാനിയ-ഗുജറാത്ത് സംഭവത്തെക്കുറിച്ച്

2005 ൽ ഗുജറാത്ത് സംഭവത്തെ ആസ്പദമാക്കി നിർമ്മിച്ച ഒരു നല്ല സിനിമ കാണാനിടയായി പർസാനിയ. ഗുജറാത്ത് ലഹളക്കാലത്ത് മതഭ്രാന്തന്മാരുടെ ക്രോധത്തിനിരയാകേണ്ടി വന്ന പാർസി കുടുംബത്തെ കുറിച്ചാണ് സിനിമ. ശാന്തിയും സമാധാനവും കളിയാടിയിരുന്ന അന്തരീക്ഷം തകർത്തുകൊണ്ട് രാജ്യത്ത് വർഗ്ഗീയത പൊട്ടിപ്പുറപ്പെടുന്നു. സാഹോദര്യവും സമത്വവും. കുറെപ്പേർ കൊല്ലപ്പെടുന്നു. തുട ർന്നുണ്ടായ ലഹളക്കു സാക്ഷിയായവർ ഏറെയായിരുന്നു. ആ സിനിമ കണ്ടിരിക്കുന്ന ഏതൊരു ക്രൂരനുപോ ലും ഗുജറാത്തിൽ നടന്ന സംഭവത്തിൽ അഭിപ്രായം പറയാൻ തോന്നും. മനുഷ്യ മനഃസാക്ഷിയെ ഞെട്ടിച്ച ഗുജറാത്ത് കലാപത്തിന്റെ 100 ൽ 10 ശതമാനം പോലും പാർസാനിയായിൽ കാണിച്ചിട്ടില്ലെന്നോർക്കണം. എന്തായാലും ഒരു കലാകാരൻ എന്ന നിലയ്ക്ക്, ഭാരതീയൻ എന്ന നിലയ്ക്ക് കെ.ബി. സരിൻ, കമൽ പട്ടേൽ, രാഹുൽ ദൊലാക് എന്നിവർ ചേർന്നു നിർമ്മിച്ച സിനിമ സംവിധാനം ചെയ്തത് രാഹുൽ ദൊലാക്കിയയാണ്. നസ്റുദ്ദീൻ ഷാ കോറിൻ നെമെക്ക്, സരിക, പാർസൽ ടസ്റ്റർ തുടങ്ങിയവരാണ് അഭിനയിച്ചത്. മമ്മൂട്ടിയെ എതിർക്കുന്ന സാമൂഹ്യ ദ്രോഹികൾ പർസാനിയ ഒന്നു കാണുന്നത് നന്നായിരിക്കും. ആ സിനിമ ഇവർ കണ്ടിരുന്നെങ്കിൽ അതു നിർമ്മിച്ചവരേയും സംവിധാനം ചെയ്തവരേയും അഭിനയിച്ചവരേയും അതുകാണാൻ പോകുന്നവരേയും കൂട്ടക്കൊല ചെയ്യുമായിരുന്നില്ലേ ?

**അടൂർ ഗോപാലകൃഷ്ണനും സംഘവും ഗുജറാത്തിൽ ഒരു രാത്രി**

ലോക പ്രശസ്ത സംവിധായകനായ അടൂർ ഗോപാലകൃഷ്ണൻ ആർട്ടിസ്റ്റ് വിശ്വനാഥനുമായി ഇന്ത്യയിലെ കടൽ തീരങ്ങളിലൂടെ ഒരു യാത്ര നടത്തി. സംഘത്തിൽ കവി പഴവിള രമേശൻ, കടമ്മനിട്ട രാമകൃഷ്ണൻ, ആർട്ടിസ്റ്റ് ശിവൻ എന്നിവരും ഉണ്ടായിരുന്നു. സാഹസികമായ ഒരു യാത്രയായിരുന്നു അവരുടേത്.

ഗുജറാത്തിൽ ചെന്നപ്പോളാണ് വെള്ളപ്പൊക്കത്തിൽപ്പെട്ടത്. ചുറ്റും വെള്ളം പൊങ്ങിക്കൊണ്ടിരുന്നു. രക്ഷപ്പെടാൻ മറ്റൊരു മാർഗ്ഗവുമില്ല. വെള്ളം താഴാതെ പുറപ്പെടാനും കഴിയുമായിരുന്നില്ല. അങ്ങിനെ അവിടത്തെ ധർമശാലയിൽ അവരും കൂടി. അവിടെ അവരെ പ്രവേശിപ്പിക്കാൻ അനുവദിച്ചത് ജാതി, മതം, പേര് എന്നിവ ചോദിച്ച് എഴുതിയ ശേഷമായിരുന്നു. ഗുജറാത്ത് സംഭവത്തെ ആസ്പദമാക്കി നിരവധി സാഹിത്യഓർമ്മക്കുറിപ്പുകളും ഡോക്യുമെന്ററികളും നിർമ്മിച്ചിട്ടുണ്ട്. അവിടെ നടന്ന ക്രൂരതകൾ ജീവൻ പണയം വെച്ചു ചിത്രീകരിച്ച് അതേപടി പ്രദർശിപ്പിച്ചത് കാണാൻ കഴിഞ്ഞ ലേഖകനാണ് ഞാൻ.

**മമ്മൂട്ടിയേയും സജീവ കമ്മ്യൂണിസ്റ്റാക്കി?**

നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്നു പറഞ്ഞത്പോലെ ഇപ്പോൾ ഏതാനും സാമൂഹ്യ ദ്രോഹികൾ ചേർന്ന് മമ്മൂട്ടിയേയും സജീവ കമ്മ്യൂണിസ്റ്റാക്കിയെന്നാണ് തോന്നുന്നത്. ഒരുപക്ഷെ, ഒരു നല്ല കലാകാരൻ എന്ന നിലയിൽ നാളത്തെ ഭരണാധികാരിയാകാൻ മമ്മൂട്ടിക്ക് ക്രൂരമായ ഈ അനുഭവം ഒരുകാരണമായേക്കാം.